**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1141** **02-02-2026 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കുമുള്ള കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കും വേണ്ടി 2016-ൽ ഭരണാനുമതി ലഭിച്ച കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോഴും സ്തംഭനാവസ്ഥയിലാണ് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തൃശ്ശൂർ കോർപറേഷനും സമീപ പഞ്ചായത്തുകൾക്കുമായി 2016-ൽ ഭരണാനുമതി നൽകിയ പദ്ധതികളെ 5 പാക്കേജുകളായി വിഭജിച്ചാണ് KIIFB പ്രവൃത്തികൾ ചെയ്തു വരുന്നത്. ഇവയുടെ പുരോഗതി ചുവടെ ചേർക്കുന്നു.<br><br>**പാക്കേജ് 1**<br><br>കരുവന്നൂർ നദിയിൽ നിർമ്മിക്കുന്ന 12 മീറ്റർ വ്യാസമുള്ള ഇൻടേക്ക് വെൽ, WTP-യിലേക്കുള്ള റോ വാട്ടർ പമ്പിങ് മെയിൻ (RWPM) ഇവയുടെ വർക്ക് ഓർഡർ (LOA) 12-09-2025-നു കോയ ആൻഡ് കമ്പനി കൺസ്ട്രക്ഷൻ ലിമിറ്റഡിന് നൽകുകയും 15-10-2025-നു കരാർ ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്തു. പ്രവൃത്തി ആരംഭിക്കുന്നതിനായി മണ്ണ് പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. കരാറുകാരൻ ഡിസൈൻ സമർപ്പിക്കുകയും 23.01.2026 ൽ ഡിസൈൻ അംഗീകരിക്കുന്നതിനായി WASCON-ലേയ്ക്ക് സമർപ്പിക്കുകയും ചെയ്തു. ഡിസൈനിനു അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.<br><br>**പാക്കേജ് 2&3**<br><br>ജല ശുദ്ധീകരണശാല (WTP) മുതൽ കണിമംഗലം വരെയും പിന്നീട് അരണാട്ടുകര വരെയും ഉള്ള ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ (CWGM) ടെൻഡർ നടപടികൾ പൂർത്തീകരിച്ച വർക്ക് ഓർഡർ (LOA) 28-10-2025 നു കോയ ആൻഡ് കമ്പനി കൺസ്ട്രക്ഷൻ ലിമിറ്റഡിനു നൽകുകയും 30-10-2025 നു കരാർ ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്തു. റോഡ് മുറിച്ചു പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കുന്ന തിനായി 27.11.25, 04.01.26, 15.01.26, തിയ്യതികളിൽ PWD ക്കും 28.11.25-നു അവിണിശ്ശേരി ഗ്രാമ പഞ്ചായത്തിലേക്കും 6.12.25, 14.1.26, |

| | | | |
|---|---|---|---|
| | | | 15.1.26, തിയ്യതികളിൽ വല്ലച്ചിറ ഗ്രാമപഞ്ചായത്തിലേക്കും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.<br><br>**<u>പാക്കേജ് 4</u>**<br><br>തൃശൂർ താലൂക്കിലെ വല്ലച്ചിറ ഗ്രാമത്തിലെ പല്ലിശ്ശേരിക്കുന്നിൽ നിർമ്മിക്കുന്ന 100MLD ജല ശുദ്ധകരണ ശാലയുടെ (WTP) സാങ്കേതിക അനുമതി 07/11/2024 ന മദ്ധ്യമേഖല ചീഫ് എഞ്ചിനീയർ നൽകിയിട്ടുണ്ട്. കിഫ്ബിയിൽ നിന്നും TS കൺഫോർമേഷൻ ലഭിക്കുന്നതിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൺഫോർമേഷൻ ലഭിച്ചാൽ ദർഘാസ് നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>**<u>പാക്കേജ് 5</u>**<br><br>ജല ശുദ്ധീകരണശാലക്കു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാണ് . |
| (ബി) | തൃശ്ശൂർ , ഒല്ലൂർ, പുതുക്കാട്, വടക്കാഞ്ചേരി, നാട്ടിക, മണലൂർ എന്നീ നിയോജക മണ്ഡലങ്ങളിലെ 19 ഗ്രാമപഞ്ചായത്തുകൾക്കും തൃശ്ശൂർ കോർപ്പറേഷനും യഥേഷ്ടം കുടിവെള്ളം ലഭ്യമാക്കാൻ സഹായകരമായ കിഫ്ബി ധനസഹായത്തോടെയുള്ള കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | കിഫ്ബി ധനസഹായത്തോടെയുള്ള കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ